Draft #1 of File 105857/CBCSS 9-1/2022/CBCSS 9 Approved by ASSISTANT REGISTRAR XI (EXAM) on 27-Jul-2022 09:58 AM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവ്വകലാശാല പരീക്ഷകൾ-വിദ്യാർത്ഥികളുടെ അന്തിമ പരീക്ഷാഫലം, ബിരുദ സർട്ടിഫിക്കറ്റ് എന്നിവ വൈകുന്നത് ഒഴിവാക്കുന്നതിനുള്ള പരിഹാര നടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച സർവകലാശാല ഉത്തരവിന്റെ വെളിച്ചത്തിൽ സമർപ്പിച്ച ശിപാർശകൾ-വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985,അദ്ധ്യായം III, 10(17) പ്രകാരം ഉത്തരവായത്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരീക്ഷാ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 8004/EA 2/2022/എം.ജി.യു      പ്രിയദർശിനി ഹിൽസ്,തീയതി: 27.07.2022

---

*പരാമർശം:*-1.21.01.2022 തീയതിയിലെ സർവ്വകലാശാല ഉത്തരവ് നം 700/ EA 2/ 2022 / എം ജി യു.

2. വൈസ് ചാൻസലറുടെ 25.07.2022 തീയതിയിലെ ഉത്തരവ്.

**ഉത്തരവ്**

റീവാല്യൂവേഷൻ പോർട്ടലിന്റെ ന്യൂനതകൾ മൂലം വിദ്യാർത്ഥികളുടെ അന്തിമ പരീക്ഷാഫലം, ബിരുദ സർട്ടിഫിക്കറ്റ് എന്നിവ വൈകുന്ന സാഹചര്യത്തിൽ, പരിഹാര നടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം (1) സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.പ്രസ്തുത ഉത്തരവിന്റെ വെളിച്ചത്തിൽ താഴെ പറയുന്ന ശിപാർശകൾ വൈസ് ചാൻസലറുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നു.

i )ചങ്ങനാശേരി ക്രിസ്തു ജ്യോതി കോളേജിലെ ബി ബി എ വിദ്യാർത്ഥിയായ JAGATH JAYAKUMAR , ആറാം സെമസ്റ്റർ ഏപ്രിൽ 2021 റെഗുലർ പരീക്ഷയുടെ റിസൾട്ട് പ്രസിദ്ധീകരിക്കുന്നതിന് മുൻപ് തന്നെ മറ്റ് എല്ലാ സെമസ്റ്ററുകളും വിജയിച്ചിട്ടുള്ളതിനാൽ ടിയാന്റെ കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡിൽ ഡേറ്റ് ഓഫ് എലിജിബിലിറ്റി, ടി വിദ്യാർത്ഥിയുടെ അഞ്ചാം സെമസ്റ്റർ ജനുവരി 2021 പുനർമൂല്യനിർണ്ണയം അംഗീകരിച്ച 14/07/2022 എന്ന തീയതിയ്ക്ക് പകരം പരാമർശം (1 ) ഉത്തരവിന്റെ വെളിച്ചത്തിൽ ആറാം സെമസ്റ്ററിന്റെ റിസൾട്ട് തീയതിയായ 17/08/2021 എന്ന് നൽകുന്നതിനുള്ള അനുമതിയും

ii )പരാമർശം (1 )ഉത്തരവിൻറെ പ്രാബല്യം യു ജി, സി ബി സി എസ് 2020 അഡ്മിഷൻ മുതലുള്ള വിദ്യാർത്ഥികൾക്കും, പി ജി സിഎസ്എസ് 2019 അഡ്മിഷൻ മുതലുള്ള വിദ്യാർത്ഥികൾക്കും ബാധകമാക്കി നടപ്പാക്കുന്നതിന് നൽകിയ നിർദ്ദേശത്തിന്റെ സാധൂകരണത്തിനും

iii ) പുനർമൂല്യ നിർണയത്തിലൂടെ ഉയർന്ന മാർക്ക്/ ഗ്രേഡ് ലഭിക്കുന്ന വിദ്യാർത്ഥികളുടെ ഗ്രേഡ് കാർഡിലെ അവരുടെ eligibility date ആദ്യ റിസൾട്ട് തീയതി തന്നെ ആയിരിക്കേണ്ടതാണ് എന്ന

തീരുമാനം, പുനർമൂല്യ നിർണയത്തിലൂടെ ഉയർന്ന മാർക്ക്/ ഗ്രേഡ് ലഭിക്കുന്ന വിദ്യാർത്ഥികളുടെ ഗ്രേഡ് കാർഡിലെ eligibility date/ date of publication of result അവരുടെ ആദ്യ റിസൾട്ട് തീയതി തന്നെ ആയിരിക്കേണ്ടതാണ് എന്ന് പരിഷ്കരിക്കുന്നതിനും , യു ജി സി ബി സി എസ് ,പി ജി സി എസ് എസ് ഒഴികെ മറ്റു പ്രോഗ്രാമുകൾക്ക് 2021 അഡ്മിഷൻ മുതൽ പ്രസ്തുത നിർദേശം നടപ്പിൽ വരുത്തുന്നതിനും

പ്രസ്തുത ശിപാർശകൾ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

പരാമർശം (1) ഉത്തരവ് മേൽ പരാമർശിച്ചിട്ടുള്ള ഇനം (i) ഭേദഗതിയോടെ നിലനിൽക്കുന്നതായിരിക്കും.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സോണി എസ് നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 11 (പരീക്ഷ)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വി.സി /പി . എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറി മാർ
2. സി .ഇ / രജിസ്ട്രാർ / എന്നിവരുടെ പി.എ മാർ
3. സി.ഇ / സിൻഡിക്കേറ്റ് സെക്ഷൻ -1 / ഇ .ജെ സെക്ഷനുകൾ.
4. എല്ലാ ടാബുലേഷൻ സെക്ഷനുകളും
5. ജെ.ആർ ഡി ആർ /എ .ആർ (പരീക്ഷ)
6. IQAC / കണ്ടെന്റ് മാനേജ്മെന്റ് സെക്ഷനുകൾ
7. SF / FC

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 105857/CBCSS 9-1/2022/CBCSS 9 Approved by ASSISTANT REGISTRAR XI (EXAM) on 27-Jul-2022 09:58 AM - Page 2